# സഭ ആധുനിക ലോകത്തിൽ – 1

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

## a) ആമുഖം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 16 പ്രമാണരേഖകളിൽ ഏറ്റവും വലിയതാണു 'സഭ ആധുനിക ലോകത്തിൽ' എന്ന കോൺസ്റ്റിറ്റ്യൂഷൻ. ഗാവുദീയും എത്ത് സ്പെസ് (Gaudium et Spes = സന്തോഷവും പ്രത്യാശയും) എന്നാണ് ഈ പ്രമാണരേഖയുടെ ലത്തീൻ പേര്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തലേന്നാൾ, 1962 ഡിസംബർ 07 ന് ആണ് ഈ രേഖ പ്രസിദ്ധീകൃതമായത്. കൗൺസിൽ പിതാക്കന്മാരുടെ അജപാലന വീക്ഷണങ്ങളുടെ ഉത്തമ നിദർശനമായിട്ടാണ് ഈ രേഖയെ ചൂണ്ടിക്കാണിക്കുന്നത്. ഈ രേഖയുടെ രൂപവത്കരണത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വക്താക്കളിൽ പ്രധാനിയായിരുന്ന കർദ്ദിനാൾ സ്യുവെനെൻസിന്റെ പങ്കു സ്തുത്യർഹമാണ്. നാം ഇതിനോടകം പഠനവിഷയമാക്കിയ 'ജനതകളുടെ പ്രകാശം' (L.G.) തിരുസ്സഭയുടെ ആന്തരികസ്വഭാവം വിവരിക്കുന്ന രേഖയാണെങ്കിൽ ഈ പ്രമാണ രേഖ സഭയുടെ അജപാലനസ്വഭാവം നന്നായി വിളിച്ചോതുന്നു. ആധുനിക ലോകവുമായി ക്രിയാത്മകമായ സംഭാഷണത്തിലേർപ്പെടാനുള്ള മാർഗ്ഗരേഖയായാണ് ഈ പ്രമാണരേഖ നിർദ്ദേശിക്ക പ്പെട്ടിരിക്കുന്നത്. ഒന്നിനെയും ശപിച്ചു തള്ളിക്കൊണ്ടല്ല; മറിച്ചു, മനുഷ്യനെക്കുറിച്ചും ലോകത്തെക്കുറിച്ചും, ക്രിയാത്മകവും മാനുഷികവുമായ കാഴ്ചപ്പാടുകൾ സ്വീകരിച്ചുകൊണ്ടു സമകാലീന ലോകവുമായി സംഭാഷണത്തിലേർപ്പെടുവാൻ ഈ പ്രമാണരേഖ വിശ്വാസികളെ ക്ഷണിക്കുന്നു.

## b.) പ്രധാന പ്രബോധനങ്ങൾ

**i)** സമകാലീന ലോകത്തോടു തുറവിയുള്ള സഭ: ഈ പ്രമാണരേഖയുടെ ഒന്നാമത്തെ ഖണ്ഡികതന്നെ ആധുനിക ലോകത്തിലെ മനുഷ്യനോടുള്ള തിരുസ്സഭയുടെ തുറവിയും ഐക്യദാർഢ്യവും വ്യക്തമാക്കുന്നു. ''ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യ, പാവങ്ങളുടെയും പീഡിതരുടെയും, സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽകണ്ഠയുമെല്ലാം മിശിഹായുടെ അനുയായികളുടേതുകൂടിയാണ്''(n.1). വ്യത്യസ്ത സംസ്കാരങ്ങളിൽ നല്ലതും യഥാർത്ഥവും നീതിയുക്തവുമായി കാണുന്നതെല്ലാം ഈ കൗൺസിൽ ആദരവോടെ വീക്ഷിക്കുന്നു (n.42) എന്ന കൗൺസിൽപ്രസ്താവനയും ഈ സത്യം വെളിപ്പെടുത്തുന്നു. തിരുസ്സഭ ആധുനികലോകത്തെ ശ്രദ്ധയോടെ ശ്രവിക്കുകയും അവയിൽനിന്നു സ്വീകരിക്കേണ്ടവ സ്വീകരിക്കുകയും ചെയ്യുന്നു. ''മാനവവംശത്തിന്റെ ചരിത്രവികാസങ്ങളിൽനിന്നും എത്രമാത്രം ഉന്നതമായ നേട്ടങ്ങളാണു താൻ സ്വീകരിച്ചിരിക്കുന്നതെന്നു സഭ വിസ്മരിക്കുന്നില്ല. പൂർവ്വകാലാനുഭവങ്ങളും ശാസ്ത്രപുരോഗതിയും മാനവസംസ്കാരത്തിൽ മറഞ്ഞുകിടക്കുന്ന വിവിധ നേട്ടങ്ങളും സഭയ്ക്ക് ഉപകാരപ്രദമാണ്''(n.44). ദൈവജനവും അവർ വസിക്കുന്ന മനുഷ്യവർഗ്ഗവും പരസ്പരം സേവനമനുഷ്ഠിക്കുന്നു. സഭ അവളുടെ ദൈവികദൗത്യത്തോടു വിശ്വസ്തയായിരിക്കുന്നത് എല്ലാ മനുഷ്യരോടും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതുകൊണ്ടു കൂടിയാണ്. ഇത് പലവിധത്തിലാണു മാത്രം. മനുഷ്യരും ക്രൈസ്തവരുമെന്ന നിലയിൽ തങ്ങൾക്കുള്ള ചുമതലകളെപ്പറ്റി ബോധമുള്ളവരായി അന്തർദ്ദേശീയ സമൂഹത്തോട് സഹകരിക്കാൻ ഒരുക്കമുള്ള മനഃസ്ഥിതി വിശ്വാസികൾ വളർത്തിയെടുക്കണമെന്നു സൂനഹദോസ് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. യുവജനങ്ങൾക്ക് മതപരവും രാഷ്ട്രീയവുമായ മതിയായ പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയും കൗൺസിൽ ഊന്നിപ്പറയുന്നുണ്ട് (n.89).സമകാലീന ലോകത്തിന്റെ വളർച്ചയെയും മാറ്റങ്ങളെയും തളർച്ചകളെയും കുറിച്ച് സഭ

അറിഞ്ഞു കൊണ്ടാണിരിക്കുന്നത് (n..5). ''നിത്യപിതാവിന്റെ സ്നേഹത്തിൽനിന്ന് ഉടലെടുത്തതും കാലത്തിന്റെ പൂർണ്ണതയിൽ രക്ഷകനായ മിശിഹായാൽ സ്ഥാപിതവും പരിശുദ്ധറൂഹായാൽ ഏകീകൃതവുമായ സഭയ്ക്കു ഭാവിലോകത്തിൽ മാത്രം പൂർണ്ണതയിലെത്തുന്ന രക്ഷാകരവും പരമാന്ത്യാത്മകവുമായ ഒരു ലക്ഷ്യമുണ്ട്. എന്നാൽ സഭ ഇപ്പോൾ ഇഹത്തിൽ സന്നിഹിതയാണ്'' (n.40). സഭയ്ക്കു ദൈവികവും അദൃശ്യവുമായ ഘടകങ്ങളോടൊപ്പംതന്നെ മാനുഷികവും ദൃശ്യവുമായവയുമുണ്ട്. ''ഭൗതികസ്വർഗ്ഗീയ നഗരങ്ങളുടെ ഈ പരസ്പരബന്ധം വിശ്വാസത്തിലൂടെ മാത്രം കാണാവുന്ന ഒരു യാഥാർത്ഥ്യമാണ്'' (n.40). സഭ കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മ നിരീക്ഷണം ചെയ്തു സുവിശേഷ വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയാണു ചെയ്യുന്നത്(n.4).

**ii)** മനുഷ്യവ്യക്തിയോടുള്ള സമഗ്രസമീപനം: സഭ മനുഷ്യത്വത്തിന് എക്കാലവും വലിയ വില നൽകുന്നുണ്ട്. ഓരോ വ്യക്തിയും അതുല്യനും അനന്യനുമാണ്. മനുഷ്യനു മഹത്ത്വമുണ്ടെങ്കിലേ ലോകത്തിലുള്ള എന്തിനും മഹത്ത്വമുള്ളൂ എന്നതു വാസ്തവമാണ്. സൃഷ്ടികളുടെ മകുടമായി മനുഷ്യനെ ദൈവം സൃഷ്ടിച്ചത് എത്രയോ രഹസ്യാത്മകതകൾ നിറച്ചുകൊണ്ടാണ്. ''വിശ്വാസികളുടെയും അവിശ്വാസികളുടെയും മിക്കവാറും ഏകയോഗമായ അഭിപ്രായമനുസരിച്ചു ഭൂമിയിലുള്ളതെല്ലാം മനുഷ്യോന്മുഖമായിരിക്കണം. കാരണം, മനുഷ്യനാണു ഭൂമിയിലുള്ളതിന്റെയെല്ലാം കേന്ദ്രവും മകുടവും'' (n.12). ചിലരിതിനെ അദ്ഭുതത്തോടെയും വിവേകത്തോടെയും എളിമയോടെയും സ്വീകരിക്കുന്നെങ്കിൽ, മറ്റുചിലരാകട്ടെ അഹങ്കാരഭാവത്തോടെ ദൈവത്തെയും മതത്തെയും മൂല്യങ്ങളെയും നിരസിച്ചു നിരാശതയിലെത്തുവോളം തരംതാഴുന്നു. ദൈവത്തെ മാറ്റി നിറുത്തിക്കൊണ്ടുള്ള ഒരു നരവംശശാസ്ത്രം അപകടകരമാണ്. ശരീരവും ആത്മാവും ഹൃദയവും മനഃസാക്ഷിയും ബോധവും മനസ്സും എല്ലാം ചേർന്ന സമഗ്രമനുഷ്യനെയാണു സഭ ദർശിക്കുന്നത്. മനുഷ്യൻ തന്റെ സ്വാതന്ത്ര്യവും ബുദ്ധിയും ഉപയോഗിച്ചു ദൈവത്തെ അറിയുകയും സ്നേഹിക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്യുന്നു എന്നതുതന്നെ അവന്റെ മഹത്ത്വം വർദ്ധിപ്പിക്കുന്നു. മനുഷ്യനെ ശരിയായ സ്ഥാനത്തു പ്രതിഷ്ഠിച്ചാൽ, ശരിയായി മനസ്സിലാക്കിയാൽ സഭാദൗത്യം വിജയിക്കുകയാണ്. അവന്റെ അന്തസ്സും ലക്ഷ്യവും അംഗീകരിക്കുകയും അറിയിക്കുകയുമാണു സഭയുടെ ഈ ലോകത്തിലെ ലക്ഷ്യം. ദൈവികഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിലെ ദൈവോന്മുഖത അവനിൽ നിന്നും എടുത്തുമാറ്റാനാവില്ല. ഭൗമികവസ്തുക്കളുടെ നാഥനായി മനുഷ്യൻ നിയമിക്കപ്പെട്ടതുതന്നെ പ്രത്യേക ലക്ഷ്യത്തോടെയാണ്. പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒരു സമൂഹത്തിന്റെ ഭാഗവും കൂടിയാണ്. ദൈവികനിയമങ്ങൾ സഭ വിശ്വസ്തതയോടെ നിഷ്കർഷിക്കുന്നതും സഭാനിയമങ്ങൾ രൂപവത്കരിച്ചിരിക്കുന്നതും ദൈവമഹത്ത്വം മാത്രം ലക്ഷ്യമാക്കിയല്ല, മനുഷ്യമഹത്ത്വം കാത്തുസൂക്ഷിക്കാൻ കൂടിയാണ്. വ്യക്തിയിലുണ്ടാകുന്ന ചലനങ്ങൾ സമൂഹത്തെയും സ്വാധീനിക്കും എന്ന വസ്തുത മറക്കാനാവില്ല.